**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 500** — **25-03-2025 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ കേന്ദ്ര സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്തിന്റെ ധനപരമായ ആവശ്യങ്ങളോട് അനുകൂലമായ നിലപാടല്ല കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. കേരളത്തോട് കേന്ദ്രസർക്കാർ സ്വീകരിച്ചുപോരുന്ന സാമ്പത്തിക നയങ്ങളും സമീപനങ്ങളും തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രിയും ധനകാര്യ വകുപ്പ് മന്ത്രിയും നിരവധി കത്തുകളും നിവേദനങ്ങളും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്കും സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക ആവശ്യങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല.<br><br>സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ബജറ്റിൽ കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജും, വയനാട് പുനരധിവാസത്തിന് പ്രത്യേക സഹായവും പ്രഖ്യാപിക്കണമെന്നും, വിഴിഞ്ഞം തുറമുഖത്തിന് പ്രത്യേക സഹായം അനുവദിക്കണമെന്നും, ജലജീവൻ മിഷൻ പോലെയുള്ള കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന വിഹിതം ഉറപ്പാക്കുന്നതിനായി അത്തരം പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ തുകയും കടമെടുപ്പ് പരിധിക്ക് പുറമെ അനുവദിക്കണമെന്നും, സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ ആകെ കടമെടുപ്പിൽ നിന്ന് ഒഴിവാക്കണമെന്നും, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 3 ശതമാനത്തിൽ നിന്നും ഉപാധികളില്ലാതെ 3.5 ശതമാനമാക്കണമെന്നും, ദേശീയപാത വികസനത്തിന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി സംസ്ഥാനം ചെലവഴിച്ച തുക ഉപാധികളില്ലാതെ വായ്പയായി എടുക്കാൻ അനുവദിക്കണമെന്നും, ജി.എസ്.ടി കോമ്പൻസേഷൻ തുടരണമെന്നും തുടങ്ങിയ ആവശ്യങ്ങൾ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre- Budget Speech) യോഗത്തിൽ സംസ്ഥാന ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിരുന്നു. 01.02.2025 ൽ ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി അവതരിപ്പിച്ച 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലും കേരളത്തിന്റെ ആവശ്യങ്ങളൊന്നും പരിഗണിച്ചിട്ടില്ല. |
| (ബി) സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകാനുള്ളതിൽ വെട്ടിക്കുറച്ച തുക പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ഇതുവരെയും വെട്ടിക്കുറച്ചിട്ടില്ല. 2024-25 സാമ്പത്തിക വർഷം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയതും അനുവദിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

(തുക കോടിയിൽ)

| | പൊതു ആവശ്യ ഫണ്ട് | | സംരക്ഷണ ഫണ്ട് | | വികസന ഫണ്ട് | |
|---|---|---|---|---|---|---|
| | വകയിരുത്തിയ തുക | അനുവദിച്ച തുക | വകയിരുത്തിയ തുക | അനുവദിച്ച തുക | വകയിരുത്തിയ തുക | അനുവദിച്ച തുക |
| *മുനിസിപ്പൽ കോർപ്പറേഷൻ* | 218.10 | 199.13 | 179.23 | 179.23 | 992.22 | 669.44 |
| മുനിസിപ്പാലിറ്റി | 313.91 | 283.19 | 552.36 | 552.36 | 1487.79 | 590.81 |
| ജില്ലാ പഞ്ചായത്ത് | 84.62 | 77.57 | 390.28 | 390.28 | 1051.80 | 935.57 |
| ബ്ലോക്ക് പഞ്ചായത്ത് | 120.34 | 110.31 | 224.48 | 224.48 | 969.29 | 935.57 |
| ഗ്രാമ പഞ്ചായത്ത് | 1805.30 | 1645.76 | 2784.84 | 2784.84 | 4030.90 | 3932.01 |
| ആകെ | 2542.27 | 2315.96 | 4131.19 | 4131.19 | 8532.00 | 7063.40 |

പൊതു ആവശ്യ ഫണ്ടിൽ 12 ഗഡുക്കളിൽ 11 ഗഡുക്കളും സംരക്ഷണ ഫണ്ടും വികസന ഫണ്ടും മൂന്ന ഗഡുക്കളിൽ മുഴുവനായും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയിൽ ആരോഗ്യ മേഖല ഗ്രാന്റും ULB ഗ്രാന്റും ഇതുവരെയും ലഭ്യമായിട്ടില്ല.

സെക്ഷൻ ഓഫീസർ